

വി.ജെ.എച്ച്.എസ്
നദുവത്ത് നഗർ
അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആവുക | അറബിക് ലൈബ്രറി ശാക്തീകരണം അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമം ആക്കുന്നു പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി ആർ സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>എഴുത്ത്</u><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും | സെപ്റ്റംബർ<br>നവംബർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ | |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു അറബി സാഹിത്യോത്സവത്തിലെ മുഴുവൻ | ജൂലൈ ആഗസ്റ്റ് | പോസ്റ്ററുകൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | | |
| ദിനാചരണങ്ങൾ ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | നവംബർ | സിഡി കമ്പ്യൂട്ടർ ടിവി പ്രൊജക്ടർ | അധ്യാപകർ |

# മേഖല ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1പ്രീ ടെസ്റ്റ്<br>2അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്കുകൾ നിർമ്മിക്കുക<br>6 വാക്യങ്ങൾ നിർമ്മിക്കൽ<br>7 ചിത്രം അടിക്കുറിപ്പ്<br>8 ചിത്രം കഥയെഴുതൽ<br>9 ഭാഷ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം( ജൂൺ ജൂലൈ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി ടി എ, അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2 സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3 സമീപ ഗ്രന്ഥശാല അംഗത്വം<br>4 വായനോത്സവം സംഘടിപ്പിക്കൽ<br>5 പത്രവായന<br>6 പുസ്തക ചർച്ച<br>7 വായന അനുഭവം<br>8 വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>9 ദിനാചരണം<br>10 സാഹിത്യകാരന്മാരും ആയിട്ടുള്ള അഭിമുഖം<br>11 ഇ വായന<br><br>1എഴുത്തുകൂട്ടം രൂപീകരണം<br>2 പുസ്തക ചർച്ച | 6 മാസം ( ഓഗസ്റ്റ് ഡിസംബർ) | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പിടിഎ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3 കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | 3വായനക്കുറിപ്പ്<br>4 ചുമർപത്രിക<br>5 വ്യക്തിഗത രചന<br>6 ഭാഷാ പ്രോജക്ട്<br>7.സാഹിത്യകാരന്മാരും ആയുള്ള അഭിമുഖം | 6മാസം( ഓഗസ്റ്റ് ജനുവരി | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പിടിഎ അധ്യാപകർ |
| 4 സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1 പ്രസംഗ പരിശീലന കളരി<br>2 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>3 പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | 6മാസം( (ഒക്ടോബർ ജനുവരി) | ഓഡിയോ വീഡിയോ | ട്രെയിനർ അധ്യാപകർ |

# VJHSS - സംസ്കൃതം - മാസ്റ്റർ പ്ലാൻ

| മേഖല | പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കേൾവി വായന | ലേഖനം സംഭാഷണം | അക്ഷരപരിചായനം,സംഭാഷണപരിചയം, ഭിത്തിപത്രിക നിർമ്മാണം,പരിസ്ഥിതിദിനം, സംസ്കൃതസമിതി രൂപീകരണം | ജൂൺ 2- 15 ജൂൺ 20 | അധ്യാപകൻ, സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| സംഘാടനം | പരിശീലനം | അക്ഷരശ്ലോകസമിതി ഉദ്ഘാടനം അക്ഷരശ്ലോകപഠനം,സംസ്കൃതോത്സവ ഇന പരിചായനം,യോഗാപരിശീലനം | ജൂലൈ ജൂലൈ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| പ്രദർശനം | ലേഖനം സംഭാഷണം | യോഗാപ്രദർശനം,ആദികാവ്യാമൃതം, പ്രശ്നോ ത്തരം, സംസ്കൃതദിനാചരണം,രചനാശിൽപ്പശാല | ആഗസ്റ്റ് 9 | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| നിർമ്മാണം അവതരണം | കലാ പഠനം | നാടകശില്പശാല, ഡിജിറ്റൽ മാഗസിൻ പ്രവർത്തനം | സെപ്റ്റംബർ | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | സംസ്കൃത കലോത്സവ മത്സരങ്ങൾ സേവന പ്രവർത്തനം പ്രഭാഷണ മത്സരം | ഒക്ടോബർ | സംസ്കൃത സമിതി സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി | |
| പരിശീലനം | | ധിഷണാ പരീക്ഷ (സ്കോളർഷിപ്പ് )പരിശീലനം ക്ലാസ് തലം സ്കൂൾ തലം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| | സംഭാഷണ ശിബിരം | സംസ്കൃത സംഗമ : (ശില്പശാല) | ഡിസംബർ 6 | സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി,അധ്യാപക ൻ | |
| വിനോദം | | സംസ്കൃത പഠനയാത്ര | ജനുവരി 1-7 | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |

| | | | | | | |
|---|---|---|---|---|---|---|
| | | വാർഷിക പരീക്ഷ മോഡൽ പരീക്ഷ പുനസ്മരണം റിവിഷൻ | ഫെബ്രുവരി | അധ്യാപകൻ | | |
| | | വാർഷിക പരീക്ഷ | മാർച്ച് | അധ്യാപകൻ | | |

| VJHSS NADUVATH NAGAR ENGLISH ACADEMIC MASTER PLAN 2025-26 | | | | |
|---|---|---|---|---|
| **OBJECTIVES** | **ACTIVITIES** | **TIME** | **RESPONSIBILITY** | **ECONOMIC ANALYSIS** |
| 1.To enable the students Communicate effectively And confidently in English | Spoken English class<br>English library innovation<br>English Corner story time<br>English cartoon exhibition<br>English Assembly | Holidays / Saturdays | PTA , Teachers | PTA , Management |
| 2. to give opportunity for creative Works | Cinema and Documentary - Profile and Script.<br>To prepare these works<br>Students are allowed to<br>Watch a few scenes from English cinema<br>Role play, English Day, Seminar.<br>Preparing Choreography based on poems of renowned English poets.<br>Presentation of the Choreography is done<br>By the members of the the English club | During the academic Year 2025-26 | Teachers , SRG | English club , Managenent |
| 3. To make the students acquire god reading and writing skills | School English Voice, Letter card, word card, cards for word building<br>Short story writing, Public speaking, Simple Games,<br>English newspaper reading, Vocabulary, Preparing news report,<br>My Diary ,<br>News reading in Assembly, New's reading competitions | Along with Classroom activities ,Classroom activities Assembly | PTA , Teachers | English club |
| 4.Dramatization | English Assembly, Skit, Puppet Show, English Lab<br>Students present Puppet Show, Skit, and Kadha prasangan<br>Based on scenes in the Text book. | Class room Activities, Saturdays , Camp | PTA , Teachers ,SRG English club | PTA , Parents |
| 5.Enable the students write and recite poems | Listening to English audio<br>Poem writing and reciting competitions are held.<br>Prepare appreciation ,<br>Debate and communicate with renowned poets<br>Book Review<br>Magazine | Class room Activities, ,Vacation , Saturdays<br>Twice in year | Teachers , SRG , PTA English teachers | English club<br>PTA , Management |
| 6.Making use of Technical Education for Learning English language | Interview and Video Conference with renowned writers (author, Critics, Well known personalities in other important regions)<br>Opportunity to watch English fest, English film | Vacation (Onam X'mas) Once in an academic year | PTA , Teachers ,SRG English club | PTA , SRG Management |
| 7.Organizing debate | Spend time for native speaker for debate<br>VIDEO CONFERENCE with English writers. | Saturdays/ vacation Twice an academic year | Teachers , SRG , PTA | PTA , English club |

# മേഖല - ഹൈസ്കൂൾ ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | . |
| മാതൃഭാഷയെ പോലെ ഹിന്ദിയിൽ നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | .പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ ,നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദിഅധ്യാപകർ | |
| വാർത്തകൾ ,വാർത്ത വായനക്കാർ ,ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലികൾക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുക . | | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി മാതൃഭാഷയായുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു . | അക്കാദമി വർഷം | | രക്ഷിതാക്കൾ . |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമി വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

# മേഖല - ഹൈസ്കൂൾ- സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉളവാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച പ്രത്യേക മോഡ്യൂളുകൾതയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം ,മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെൻറ് ,മോക്ക് പാർലമെൻറ് ,പൗരബോധം ,സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ ,കുട്ടികൾ ,സുമനസ്സുകൾ |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണംപരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ,കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ,മാനേജ്മെൻറ് |
| മതേതരത്വം,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക | സർവ്വേ ,പ്രൊജക്റ്റ് ,ചർച്ചകൾ ,സംവാദം ,ക്ലാസുകൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അബൂബക്കർ |

| | | | | |
|---|---|---|---|---|
| പ്രവർത്തനത്തിലൂടെ വളരുക .സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | | | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക ,സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | സാമൂഹ്യശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു.ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു അറ്റ്ലസ് ,മാപ്പുകൾ ,ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ,ദിനാചരണങ്ങൾ ,പ്രശ്നോത്തരി ,സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| വ്യത്യസ്തയിനം മണ്ണുകൾ,ജലാശയങ്ങൾ, കാറ്റുകൾ ,സമുദ്രങ്ങൾ ,പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക. | വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. | അക്കാദമിക വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

# മേഖല - ഹൈസ്കൂൾ -ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2.നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെൻറ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി ടി എ | പി.ടി.എ |
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശിൽപ്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പാക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമം : കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8. ഗണിത മത്സരവേദിയിലേക്ക് : മേളകളിൽ ഉർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. | പി.ടി.എ. |
| 9. ഗണിത ലാബ് | ശിൽപ്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പാഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ. |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല - ഹൈസ്കൂൾ - Physics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രശ്നനിർധാരണം, നിരീക്ഷണ പാടവം, സയൻസ് അഭിരുചി പരിപോഷിപ്പിക്കുക | ചിത്ര വിശകലനത്തിലൂടെയും ലഘുപ്രവർത്തനത്തിലൂടെയും ധാരണകൾ മനസ്സിലാക്കുന്നത് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ. ലഘുഗണിത നിർദ്ധാരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ലഘു പ്രവർത്തനങ്ങൾ, നിരീക്ഷണം, ചർച്ച, നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടൽ | ചിത്രങ്ങളെ വിശകലനം ചെയ്യൽ,ICT സാധ്യതകൾ | അക്കാദമിക വർഷം | അധ്യാപകർ | സയൻസ് ക്ലബ് PTA |
| രേഖാചിത്രങ്ങൾ വരയ്ക്കാനുള്ള ശേഷി കൈവരിക്കുന്നതിന് | പരീക്ഷണം നിരീക്ഷണ, നിഗമനംരൂപീകരിക്കൽ | അക്കാദമിക വർഷം | അധ്യാപകർ | സയൻസ് ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം | അധ്യപകൻ കുട്ടി, കുട്ടി _കുട്ടി എന്നിങ്ങനെ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് ടീച്ചർ | പിടിഎ |
| ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ,ലേഖന ങ്ങൾ,കവിതകൾ, തുടങ്ങിയവ ഉൽപ്പെടുത്തിശാ സ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG സയൻസ് ടീച്ചർ | പിടിഎ |
| ചോദ്യ പേപ്പർ ശില്പശാല സംഘടിപ്പിക്കൽ,സ മഗ്രയിൽ ചേർക്കൽ | കുട്ടികളെ ഉൽപ്പെടുത്തി ചോദ്യശേഖരംസംഘ ടിപ്പിക്കൽ,ചോദ്യ പേപ്പർ സമഗ്രയിൽ അപ്‌ലോഡ്ചെയ്യൽ | 3 മാസം | SRS സയൻസ്ടീച്ചർ | പി ടി എ |
| മോഡൽ നിർമ്മാണം (ശില്പ ശാല) | സയൻസ് ബന്ധപ്പെട്ട മോഡലുകൾ കുട്ടികൾ നിർമ്മിക്കുന്നു | SRG സയൻസ് ടീച്ചർ | | പി ടി എ |
| | | | | |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1)ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | പി ടി എ |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കൾ,പരീക്ഷണങ്ങൾ പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ,<br>2) സ്കൂൾ സയൻസ് എക്സിബിഷൻ<br>3)ഗവേഷണാത്മക പ്രജക്ട് എടുത്തുള്ള പഠനം,അഭിമുഖം,നിരീക്ഷണം. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | പി ടിഎ |
| ശാസ്ത്രമേള കളിൽ പൂർണ്ണ പങ്കാളിത്തo ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോൽസാഹനം നൽകൽ | വർഷത്തിൽ I തവണ | സയൻസ് ക്ലബ് | പി ടി എ |
| ശാസ്ത്ര ലാബ് നവീകരിക്കൽ | കെമിസ്ട്രിയുമായി ബന്ധപ്പെട്ട എല്ലാ രാസ്പദാർത്ഥങ്ങളും ഉപകരണങ്ങളും സജ്ജീകരിക്കൽ | ഒരു മാസം | സയൻസ് ടീച്ചേഴ്സ് | |
| | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ-2025-26

## ആരോഗ്യ കായിക വിദ്യാഭ്യാസം.

**മേഖല** : ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം** :കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക

**ഉപമേഖല** :1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യകായികഅവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫലമായുള്ള,അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേത് രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു.ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ,ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"**പ്രമേഹം**"എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്.100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത,മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്.കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ,കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു.രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം (**ന്യൂഡൽഹി**)

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റിസ്(ICMR-INDIAB )നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടിആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും,31.5 കോടി ആളുകൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ

ആയ അസുഖങ്ങളുടെ(NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി,35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി,21.3 കോടി ആളുകൾക്ക് ഉയർന്നകൊളസ്ട്രോൾ(ഹൈപ്പർകൊളസ്ട്രോ ലീമിയ)18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം,പുതുച്ചേരി,ഗോവ, സിക്കിം,പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം.ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്.2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്ന രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33 537 പേർ നഗരവാസികളും,79506 പേർ ഗ്രാമവാസികളുമാണ്.ഇന്ത്യയുടെ വടക്കുഭാഗത്തും,തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്നപ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്.മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. "ദി ലാൻസെറ്റ് ഡയബറ്റിസ് ആൻഡ് എൻഡോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെകുറവാണ്.

**സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.**

**ലക്ഷ്യം:-**കായികക്ഷമത കൈവരിക്കൽ,ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

**പ്രവർത്തനം:-**

*യോഗ

*സൈക്കിൾ

*കിഡ്സ് അത്ലെറ്റിക്സ് ആൻഡ് അത്ലെറ്റിക്സ്

*മേജർ ഗെയിം -വോളിബോൾ,ഫുട്ബോൾ, ഷട്ടിൽ

*മൈനർ ഗെയിംസ്

*എയ്റോബിക്സ്.

**യോഗ:** 5-10 ക്ലാസിലെ കുട്ടികൾക്ക്,ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു.അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം.2024 ജൂൺ,ജൂലായ്,ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500X10 | | | 5000 |
| **Total** | | | | **8900** |

**സൈക്കിൾ:-** ജൂൺമാസത്തിൽ യു.പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു.ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും,അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾസവാരി പഠിപ്പിക്കാൻ തുടങ്ങുന്നു.ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു.പുതുതായി 4 സൈക്കിൾവാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | സൈക്കിൾ | 8500 | 4 | 34000 |
| **Total** | | | | **34000.00** |

## കിഡ്സ് അത്ലറ്റിക്സ് & അത്‌ലറ്റിക്സ്.

| കിഡ്സ് അത്ത് ലെറ്റിക് സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |

| | | | | |
|---|---|---|---|---|
| 4 | റോപ്പ് ലേഡർ (50cm സ്ക്വയർ )5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40cm ,60cm | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| **Total** | | | | **15550** |

**മേജർ ഗെയിം.**

ഓഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമായി വോളിബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് (School Ground)മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത് . PTA ടെ നിർദ്ദേശമനുസരിച്ച് ഗ്രൗണ്ട് നിരപ്പാക്കിത്തരും എന്ന ഉറപ്പിൽ,പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്തു . ഇതിന്റെ ഫണ്ട് ,പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും,പി.ടി.എ,യിൽ നിന്നും,മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾഗോൾ പോസ്റ്റ് (മിനി)2 സെറ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | **35500.00** |

**ഷട്ടിൽ ബാഡ് മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ചു.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |

| | | | | |
|---|---|---|---|---|
| **1** | വോളിബോൾ | 780 | 4 | 3120 |
| **2** | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| **3** | മിനി ഗോൾ പോസ്റ്റ് | 1200 | 2 | 2400 |
| **4** | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| **5** | ഷട്ടിൽ ബാഡ് മിന്റൺ നെറ്റ് | 490 | 2 | 980 |
| **6** | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| **8** | ഷട്ടിൽ ബാഡ് മിന്റൺ പോസ്റ്റ് | 750 | 2 | 1500 |
| **9** | ഖോ-ഖോ പോസ്റ്റ് | 500 | 2 | 1000 |
| **Total** | | | | **17930.00** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു.ജൂൺ,ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും,അല്ലാതെയും,താളാത്മകമായി ഏയ്റോബ്ക്ക്എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്ന .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| **സാമ്പത്തിക അവലോകനം** | | |
|---|---|---|
| **ക്ര നം** | **ഇനങ്ങൾ** | **തുക** |
| **1** | യോഗ | 8900:00 |
| **2** | സൈക്കിൾ | 34000:00 |
| **3** | കിഡ്സ് അത്ത് ലറ്റിക് സ് | 15550:00 |
| **4** | ഫുട്ബോൾ | 35500.00 |
| **5** | മേജർ ഗെയിം | 17930.00 |
| **Total** | | **111830.00** |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

**ഇന്നത്തെ പ്രശ്നം** റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.

**ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.**

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം.വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻകഴിയണം. കാൽനടയായും,വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും,കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം.സീബ്ര ലൈൻ,

അടയാളവിളക്കുകൾ,ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം.ചെറിയകളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ.**

വാർത്ത, കൊളാഷ് വിശകലനം.

സീബ്രാ ലൈൻ -ചിത്ര നിരീക്ഷണം.

ട്രാഫിക് വിളക്കുകൾ- വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം കളി. തുടങ്ങിയവ

**മോണിറ്ററിംഗ്.**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

**ജനറൽ കൺവീനർ** :

**കൺവീനർ** :

**ജോയിന്റ് കൺവീനർ** :

**അംഗങ്ങൾ** :

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും,ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.

## ഉപമേഖല - പ്രവർത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയ പരിശീലനം | തൽപരരായ കുട്ടികൾക്ക് പ്രവർത്തിപരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | ഒരു വർഷത്തിൽ ഒരു മാസം | എസ് ആർ ജി | 10000 /- തദ്ദേശസ്വയംഭരണ സ്ഥാപനം |

## ഉപമേഖല: കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | *കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>* സംഗീതം, നൃത്തം, അഭിനയം, കഥരചന, കവിതാരചന, കവിതലാപനം, ഉപകരണം സംഗീതം തുടങ്ങി വത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപകർ, എസ്. ആർ. ജി | 2 അധ്യയന വർഷം | പി.ടി.എ |